No.B/B2/7057/2022/STDD Date.17.01.2023

## വിജ്ഞാപനം

പട്ടിക വർഗ്ഗ വികസന വകുപ്പിൻറെ നിയന്ത്രണത്തിൽ ,എറണാകുളം ജില്ലയിൽ ,കൊച്ചിൻ ഫോർഷോർ റോഡിൽ പ്രവർത്തിക്കുന്ന ഗോത്ര പൈതൃക കേന്ദ്രത്തിലെ 10 പ്രദർശന വിപണന സ്റ്റാളുകൾ വാടകയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിലേക്ക് സ്ഥാപനങ്ങൾ / വ്യക്തികൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.പട്ടികവർഗ്ഗക്കാർഉൽപ്പാദിപ്പിക്കുന്നതും ശേഖരിക്കുന്നതുമായ ഉൽപ്പന്നങ്ങൾവിറ്റഴിക്കുന്നതിനാണ് പ്രസ്തുത സ്റ്റാളുകൾ അനുവദിക്കുക. .പ്രസ്തുത വിപണന സ്റ്റാളുകളിലൂടെ എന്തെല്ലാം ഉൽപ്പന്നങ്ങളാണ് വിപണനം നടത്തുന്നതെന്ന വിവരങ്ങൾ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം .സ്റ്റാളുകൾക്കായി മുമ്പ് അപേക്ഷിച്ചിരുന്നവരും ഈ വിജ്ഞാപനമനുസരിച്ച് പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ താഴെ പറയുന്ന വിലാസത്തിലോ വെബ്സൈറ്റിൽ ഇതിനായി നൽകുന്ന ലിങ്ക് മുഖേന ഓൺലൈനായോ 15 -02 -2023 ന് മുൻപായി ലഭിച്ചിരിക്കണം .

വിലാസം -

ഡയറക്ടർ ,പട്ടികവർഗ്ഗ വികസന വകുപ്പ് ,നാലാം നില ,വികാസ് ഭവൻ, തിരുവനന്തപുരം-695 033 . ഫോൺ നമ്പർ :0471 -2304594,0471 -2303229.ഇ മെയിൽ :keralatribes@gmail .com web : www.stdd.kerala.gov.in

താഴെ പറയുന്ന നിബന്ധനകൾക്കനുസരിച്ചായിരിക്കും സ്റ്റാളുകൾ അനുവദിക്കുന്നത്:. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന സംരംഭകർക്ക് മാത്രമേ സ്റ്റാളുകൾ അനുവദിക്കുകയുള്ളു.

- അപേക്ഷകർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ആയിരിക്കണം . .
- സ്റ്റാളുകൾ ഒരു വർഷ കാലാവധിക്കാണ് അനുവദിക്കുന്നത് .തുടർന്നുള്ള നടത്തിപ്പ് സംബന്ധിച്ച തീരുമാനം പട്ടികവർഗ വികസന വകുപ്പ് കൈക്കൊള്ളുന്നതാണ് .
- പ്രസ്തുത സംരംഭങ്ങൾ നടത്തി 3 വർഷത്തെ പ്രവർത്തി പരിചയം അഭികാമ്യമാണ് .
- സംസ്ഥാന ,ദേശീയ,അന്താരാഷ്ട്ര തലത്തിൽ നടത്തിവരുന്ന വിപണന മേളകളിലോ പട്ടിക വർഗ്ഗ വികസന വകുപ്പ് നടത്തിവരുന്ന നാടൻ ഉൽപ്പന്ന പ്രദർശന വിപണന മേളയായ ഗദ്ദിക യിലോ പങ്കെടുത്തവർക്ക് മുൻഗണന നൽകുന്നതാണ് .
- ഉയർന്ന വാടക നിരക്ക് നൽകുവാൻ തയ്യാറുള്ള സംരംഭകരിൽ നിന്ന് മത്സരാടിസ്ഥാനത്തിൽ ആയിരിക്കും സ്റ്റാളുകൾ അനുവദിച്ച് നൽകുക
- മെച്ചപ്പെട്ട ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾക്ക് മുൻഗണന നൽകുന്നതാണ്
- വിപണന സ്റ്റാളുകൾ അനുവദിച്ചു നൽകുന്നതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തീരുമാനം അന്തിമമായിരിക്കും.

Sd/-
DIRECTOR

ആജ്ഞാനുസരണം

അസിസ്റ്റൻറ് ഡയറക്ടർ (പബ്ലിസിറ്റി )